**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6579** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കല, കായിക, സാഹിത്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗീയതയിലേക്കും ലഹരിയിലേക്കും എത്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യുവതലമുറ വർഗ്ഗീയതയിലേക്കും ലഹരിയിലേക്കും വഴിതെറ്റാതിരിക്കുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് / യുവാക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നുണ്ട്. കൂടാതെ, കാർഷിക ക്ലബ്ബുകൾ, അവളിടം ക്ലബ്ബുകൾ, ഭിന്നശേഷി ക്ലബ്ബുകൾ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും ധനസഹായം നൽകിയിട്ടുണ്ട്. കേരള യൂത്ത് ഫോഴ്സ് എന്ന യുവജനങ്ങളുടെ സന്നദ്ധ സേവന സേന, ലഹരിവിരുദ്ധ ക്യാമ്പയിൻ, രക്ഷാ പ്രവർത്തനങ്ങൾ, ആപത്ഘട്ടങ്ങളിൽ പോലീസിനേയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കൽ, പാലിയേറ്റീവ് കെയർ തുടങ്ങിയ സാമൂഹ്യ സേവനങ്ങൾ നടത്തി വരുന്നു. അവളിടം പദ്ധതിയുടെ ഭാഗമായി No drugs campaign മായി യുവതികളുടെ കലാട്രൂപ്പ് കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരിവിരുദ്ധ പരിപാടികൾ അവതരിപ്പിക്കുന്നു. ലഹരിവിരുദ്ധ ക്യാമ്പയിൻ സമൂഹത്തിലെ ഓരോ വ്യക്തിയിലും എത്തിക്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം.<br><br>കായിക ഉന്നമനം ലക്ഷ്യമിട്ട് കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി കായിക യുവജനകാര്യാലയത്തിൽ നിലവിലുണ്ട്. |
| (ബി) | ഇവരെ പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിന് വേണ്ടി കല, കായിക, സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി ക്ലബ്ബുകൾക്കും വായനശാലകൾക്കും എന്തെല്ലാം സഹായങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കളിസ്ഥലങ്ങളുടെ അഭാവം മൂലം യുവതീയുവാക്കളുടെ കായികക്ഷമത നഷ്ടപ്പെടുന്നതും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ഡി) | മേൽപ്പറഞ്ഞ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്ക് കൂടി പ്രാപ്യമായ രീതിയിൽ ക്രമീകരിക്കുവാൻ മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | (സി) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ